(ഇ) സംസ്ഥാനത്ത് റേഷൻ കടകളുടെ എണ്ണം കുറഞ്ഞുവരുന്നില്ല. മാത്രമല്ല ഏതെങ്കിലും കാരണത്താൽ റേഷൻ കടകളുടെ ലൈസൻസി ഒഴിയുകയാണെങ്കിൽ ആ ലൈസൻസ് ലഭിക്കാൻ പുതിയ അപേക്ഷകരുടെ എണ്ണത്തിലും കുറവില്ല. ജീവനക്കാർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകിക്കൊണ്ട് റേഷൻ കടകൾ ലാഭകരമായി നടത്തികൊണ്ടുപോകാൻ ബുദ്ധിമുട്ടുണ്ടെന്നു കണ്ടതിനാൽ ചില സഹകരണ സംഘങ്ങൾ നടത്തി കൊണ്ടിരുന്ന റേഷൻ കടകൾ തുടർ നടത്തിപ്പിനായി അവിടത്തെ സെയിൽസ്മാൻമാരെ അവരുടെ സമ്മതത്തോടെ ഏല്പിച്ചിട്ടുണ്ട്. റേഷൻ സാധനങ്ങൾക്ക് സംസ്ഥാന സർക്കാർ സബ്സിഡി നൽകുന്നില്ല. എന്നാൽ കേന്ദ്ര സർക്കാർ റേഷൻ ധാന്യങ്ങൾ നൽകുന്നത് സബ്സിഡി നിരക്കിലാണ്. എന്നാൽ മുമ്പ് നൽകിയിരുന്ന സബ്സിഡി 2000 ആണ്ടിൽ കേന്ദ്ര സർക്കാർ കുറച്ചിട്ടുണ്ട്.

## റേഷൻ കടകൾ വഴി വിതരണം ചെയ്യുന്ന സാധനങ്ങളുടെ ശരാശരി വില്പന

**55 (1109)** ശ്രീമതി പി. കെ. ശ്രീമതിടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്ക്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2001 ഏപ്രിൽ മാസത്തിൽ കേരളത്തിലെ റേഷൻകടകൾ വഴി വിതരണം ചെയ്തിരുന്ന അരി, ഗോതമ്പ്, പഞ്ചസാര, മണ്ണെണ്ണ എന്നിവയുടെ വില എത്രയായിരുന്നു ;

(ബി) ഇപ്പോഴത്തെ വിലയെത്രയാണ് ;

(സി) റേഷൻകട വഴി വിതരണം ചെയ്യുന്ന പ്രസ്തുത സാധനങ്ങളുടെ 2000-ലെ പ്രതിമാസ ശരാശരി വിൽപ്പനയും നിലവിലുള്ള പ്രതിമാസ ശരാശരി വിൽപ്പനയും എത്രയാണെന്ന് ഇനംതിരിച്ച് കണക്കുകൾ ലഭ്യമാക്കുമോ ?

### ഉത്തരം

(എ) 2001 ഏപ്രിൽ മാസത്തിലെ റേഷൻ സാധനങ്ങളുടെ വില ചുവടെ ചേർക്കുന്നു :

അരി (കിലോഗ്രാമിന്)

| | |
|---|---|
| ബി. പി. എൽ. | 6 രൂപ 20 പൈസ |
| എ. പി. എൽ. (നോർമൽ) | 11 രൂപ 90 പൈസ |
| എ. പി. എൽ. (സബ്സിഡി) | 10 രൂപ |
| ഗോതമ്പ് | 8 രൂപ 90 പൈസ |
| പഞ്ചസാര | 13 രൂപ 35 പൈസ |
| മണ്ണെണ്ണ (ലിറ്ററിന്) | 7 രൂപ 80 പൈസ മുതൽ 7 രൂപ 90 പൈസ വരെ |



LIBRARY ARCHIVES Kerala Legislative Assembly

(ബി) അരി (കിലോഗ്രാമിന്)

| | |
|---|---|
| ബി. പി. എൽ. | 6 രൂപ 20 പൈസ |
| എ. പി. എൽ. | 8 രൂപ 90 പൈസ |
| എ. എ. വൈ | 3 രൂപ |
| ഗോതമ്പ് | 6 രൂപ 70 പൈസ |
| പഞ്ചസാര | 13 രൂപ 50 പൈസ |
| മണ്ണെണ്ണ (ലിറ്ററിന്) | 9 രൂപ 30 പൈസ മുതൽ 9 രൂപ 50 പൈസ വരെ |

(സി) റേഷൻ സാധനങ്ങളുടെ 2000-ലെ പ്രതിമാസ ശരാശരി വില്പനയും നിലവിലുള്ള പ്രതിമാസ ശരാശരി വില്പനയും ചുവടെ ചേർക്കുന്നു :

| | 2000 | 2003 |
|---|---|---|
| അരി | 54718 മെട്രിക് ടൺ | 36641 മെട്രിക് ടൺ |
| ഗോതമ്പ് | 5356 മെട്രിക് ടൺ | 13074 മെട്രിക് ടൺ |
| പഞ്ചസാര | 13752 മെട്രിക് ടൺ | 89 മെട്രിക് ടൺ |
| മണ്ണെണ്ണ | 33006 കിലോ ലിറ്റർ | 25391 കിലോ ലിറ്റർ |

**റേഷൻ കടകൾ വഴി വിതരണം ചെയ്യുന്ന ഭക്ഷ്യവസ്തുക്കൾ**

**56 (1110)** ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്ക്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ റേഷൻ കാർഡുടമകൾക്ക് ഒരു മാസത്തേക്ക് വിതരണത്തിന് ആവശ്യമായ അരി, ഗോതമ്പ്, മണ്ണെണ്ണ എന്നിവയുടെ അളവ് എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിനുവേണ്ടി കേന്ദ്രം അനുവദിക്കുന്ന ഭക്ഷ്യപദാർത്ഥങ്ങളുടെ അളവ് എത്രയാണ് ;

(സി) ഇത് മുഴുവനും സംസ്ഥാന ഗവൺമെന്റ് വാങ്ങുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly